# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2376</u>      <u>01.04.2013 ൽ മറുപടിക്ക്</u>

**<u>രോഗികളോടൊപ്പമുള്ള കൂട്ടിരിപ്പുകാർക്ക് വിശ്രമിക്കവാനുള്ള സൗകര്യങ്ങൾ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ഡോ. കെ.ടി. ജലീൽ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിൽ രോഗികളോടൊപ്പമുള്ള കൂട്ടിരിപ്പുകാർക്ക് വിശ്രമിക്കാനുള്ള സൗകര്യങ്ങൾ ഇല്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;<br><br>(ബി) മെഡിക്കൽ കോളേജ്-ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലും ഡബ്ല്യൂ & സി കളിലും കൂട്ടിരിപ്പുകാർക്കായി നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, ഇല്ലാത്തിടമുണ്ടെങ്കിൽ പുതിയവ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ രോഗികളോടൊപ്പമുള്ള കൂട്ടിരിപ്പുകാർക്ക് വിശ്രമിക്കാനുള്ള സൗകര്യങ്ങൾ ലഭ്യമാണ്. നിലവിലുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്തു വരുന്നു. മറ്റ് സർക്കാർ ആശുപത്രികളിൽ രോഗികളോടൊപ്പമുള്ള കൂട്ടിരിപ്പുകാർക്ക് വിശ്രമിക്കാനുള്ള സൗകര്യം ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ വഴി ചെയ്തു വരുന്നുണ്ട്. പ്രസ്തുത സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഇല്ലാത്തിടങ്ങളിൽ പുതിയവ സ്ഥാപിക്കുന്നതിനും ഉള്ള ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമെന്ന് കാണുന്ന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ